# പ്രത്യാശാഭരിതമായ ഹരിതപ്രാർഥന

ഓരോ വ്യക്തിയും പരിസ്ഥിതിയുടെ കാവൽക്കാരനാവണമെന്ന ബോധ്യം ലോകം കൈകോർത്തു സ്വീകരിക്കുകയാണിപ്പോൾ. അങ്ങനെയൊരു ദൗത്യം ഹരിതപ്രാർഥന തന്നെയാണെന്നു തിരിച്ചറിഞ്ഞ് പ്രതിബദ്ധതയോടെ അടുത്ത ഘട്ടത്തിലേക്കു നീങ്ങാൻ സമീപകാലത്തു കേരള കത്തോലിക്കാ മെത്രാൻ സമിതിയും (കെസിബിസി) ദക്ഷിണേന്ത്യാ സഭ (സിഎസ്ഐ) മധ്യകേരള മഹായിടവകയും തീരുമാനിക്കുകയുണ്ടായി. മനുഷ്യന്റെ ഇടപെടലിനെ ആശ്രയിച്ചാണു ഭൂമിയുടെ നിലനിൽപ്പെന്നിരിക്കേ, സഭകളുടെ ഈ പരിസ്ഥിതി ദൗത്യങ്ങൾ മാതൃകാപരമാകുന്നു; ഭൗമസംരക്ഷണം നമ്മുടെ ഒരു രാഷ്ട്രീയ പാർട്ടിയുടെയും സജീവ അജൻഡയിൽ ഇല്ലാത്ത സാഹചര്യത്തിൽ വിശേഷിച്ചും.

പരിസ്ഥിതി സംരക്ഷണം സഭാ ഭരണഘടനയിൽ ഉൾപ്പെടുത്തുകയും 1992ൽ ഇന്ത്യയിലാദ്യമായി പരിസ്ഥിതി കമ്മിഷൻ രൂപീകരിക്കുകയും ചെയ്ത സിഎസ്ഐ സഭ ഹരിത ദൈവശാസ്ത്രത്തിൽ പ്രത്യാശയുടെ പുതിയൊരു പച്ചിലകൂടി വയ്ക്കുകയാണ്. സിഎസ്ഐ മധ്യമേഖലയുടെ കീഴിലുള്ള എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും അടുത്ത മൂന്നുവർഷത്തിനുള്ളിൽ വൈദ്യുതി, ജലം, കടലാസ് എന്നിവയുടെ ഉപയോഗം പത്തു ശതമാനം വീതം കുറയ്ക്കാനാണു പുതിയ പരിസ്ഥിതി നയത്തിലെ തീരുമാനം. പ്രകൃതിയുടെ സന്തുലനം തകർക്കുന്ന എല്ലാ പ്രവൃത്തികളും പാപങ്ങളാണെന്നു സഭ വിശ്വസിക്കുന്നു. മാലിന്യക്കൂമ്പാരങ്ങളുള്ള സ്ഥലത്തേക്കു വിശ്വാസികളെ കൊണ്ടുപോയി നാം വലിച്ചെറിയുന്ന വസ്തുക്കൾ എങ്ങനെ നമ്മുടെയും വരുംതലമുറയുടെയും ജീവിതത്തെ ദുസ്സഹമാക്കുമെന്നു ബോധ്യപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

**പരിസ്ഥിതിബോധ്യത്തോടെ കെസിബിസിയും സിഎസ്ഐ സഭയും**

പരിസ്ഥിതി സംരക്ഷണത്തിനുള്ള പഞ്ചവൽസര പദ്ധതിയുടെ കരടുരേഖ സിഎസ്ഐ മധ്യകേരള മഹായിടവക പരിസ്ഥിതി സമിതി കഴിഞ്ഞ ദിവസം നടന്ന കൺവൻഷനിലാണു പുറത്തിറക്കിയത്. എല്ലാ ഇടവകകളിലും വിശദമായ ചർച്ചകൾക്കും പഠനങ്ങൾക്കുമുള്ളതാണ് ഈ രേഖ. മഴവെള്ളക്കൊയ്ത്തും സൗരോർജ ഉപയോഗവും ജൈവകൃഷിയുമെല്ലാം രേഖയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എല്ലാ വിശ്വാസികളും ഏതെങ്കിലുമൊരു രീതിയിൽ പരിസ്ഥിതി സംരക്ഷണ പ്രേഷിത പ്രവർത്തനങ്ങളിൽ പങ്കാളികളാകണമെന്നു മഹായിടവക ബിഷപ് തോമസ് കെ. ഉമ്മൻ ആഹ്വാനം ചെയ്യുകയുമുണ്ടായി. ഇടവകകളിൽ നിന്നു ലഭിക്കുന്ന നിർദേശങ്ങൾ കൂടി ഉൾപ്പെടുത്തി ലോക പരിസ്ഥിതി ദിനമായ ജൂൺ അഞ്ചുമുതൽ പഞ്ചവൽസര പരിസ്ഥിതി പദ്ധതി മഹായിടവകയിൽ നടപ്പാക്കാനാണു പരിപാടി. 'മാലിന്യവിമുക്തമായ എന്റെ വീടും പരിസരവും' എന്നതാണ് ഈ വർഷത്തേക്കു തിരഞ്ഞെടുത്തിട്ടുള്ള മുദ്രാവാക്യം. അടുത്ത പത്തു വർഷത്തിനുള്ളിൽ 20 ലക്ഷം തൈകൾ നട്ടു സംരക്ഷിക്കാൻ സിഎസ്ഐ സിനഡ് ഒരുങ്ങുകയാണ്. മധ്യകേരള മഹായിടവകയ്ക്കു മാവേലിക്കരയിലുള്ള ബിഷപ് മൂർ കോളജിലെ മഴവെള്ളക്കൊയ്ത്തും ഹരിതകാന്തിയും പരിസ്ഥിതി ബോധ്യത്തിന്റെ ഉത്തമമാതൃകയായി നമുക്കു മുന്നിലുണ്ട്.

പരിസ്ഥിതി സംരക്ഷണവും സഭയുടെ പുതിയ ദൗത്യമേഖലയായി കണക്കാക്കാൻ കെസിബിസി തീരുമാനിച്ചതു മൂന്നു വർഷം മുൻപാണ്. ഇതിനു സാർഥകമായ തുടർച്ച നൽകാനുള്ള പുതിയ ആലോചനകളും തീരുമാനങ്ങളും കെസിബിസി സ്വീകരിച്ചുകഴിഞ്ഞു. സഭ മുന്നോട്ടുവയ്ക്കുന്ന ഹരിത ആധ്യാത്മികതയുടെ ഭാഗമാണ് ഈ നടപടികൾ. ദൈവത്തിനും സഭയ്ക്കും എതിരായ പ്രവൃത്തികൾ പോലെതന്നെ പരിസ്ഥിതി നശീകരണവും കുമ്പസാരത്തിൽ ഏറ്റുപറയേണ്ട പാപങ്ങളുടെ നിരയിലുൾപ്പെടുത്താൻ കെസിബിസി ആലോചിക്കുകയാണ്. കുമ്പസാരത്തിൽ ഏറ്റുപറയേണ്ട പാപങ്ങൾ തീരുമാനിക്കാൻ സാർവത്രിക സഭയ്ക്കു മാത്രമേ അധികാരമുള്ളൂവെങ്കിലും ജീവവർഗത്തിനെതിരെയുള്ള പാപങ്ങൾ പോലെ പ്രകൃതിക്കെതിരെയുള്ള കടന്നുകയറ്റവും പാപമാണെന്ന ബോധ്യത്തിൽ കുമ്പസാരത്തിൽ ഏറ്റുപറയാൻ വിശ്വാസികളെ പ്രേരിപ്പിക്കുകയാണു ലക്ഷ്യം. മറ്റു ചില രാജ്യങ്ങളിലും പ്രകൃതി സംരക്ഷണത്തിന്റെ കാര്യത്തിൽ കത്തോലിക്കാസഭ സമാന നയങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

ഹരിത ആധ്യാത്മികതയുടെ ദൈവശാസ്ത്രപരവും തത്വശാസ്ത്രപരവും സാമൂഹിക ശാസ്ത്രപരവുമായ ദർശനങ്ങൾ ഇതിനകം ചർച്ചചെയ്ത് അംഗീകരിച്ച കേരള കത്തോലിക്കാസഭ ഇതു സംബന്ധിച്ച മാർഗരേഖ കെസിബിസി പരിസ്ഥിതി സമിതിയുടെ ചർച്ചയ്ക്കായി സമർപ്പിച്ചുകഴിഞ്ഞു. ഫെബ്രുവരി അവസാനത്തോടെ ഇതു നയമായി അവതരിപ്പിക്കാനും സഭാതലത്തിൽ നടപ്പാക്കാനുമാണു തീരുമാനം. വൈദിക, സന്യാസ പരിശീലനങ്ങളിൽ ഇനി മുതൽ പ്രകൃതി സംരക്ഷണവും മാലിന്യസംസ്കരണവും ഉൾപ്പെടുത്തുകയുമാണ്. മണ്ണിൽ പണിയെടുത്തു ജീവിക്കാൻ ജനങ്ങളെ പ്രോൽസാഹിപ്പിക്കുന്നതിനൊപ്പം ശുദ്ധജലവും പ്രകൃതിവിഭവങ്ങളും മിതമായി ഉപയോഗിക്കാനും സഭ ഉദ്ബോധിപ്പിക്കും. ഹരിത കെട്ടിടങ്ങൾക്കും ജൈവോൽപന്നങ്ങൾക്കും പ്രോൽസാഹനം നൽകുന്നതിനോടൊപ്പം സൗരോർജ വിളക്കുകളും മറ്റും പ്രചരിപ്പിക്കുകയും ചെയ്യും.

ഇവർക്കൊപ്പം മറ്റു സഭകളും വ്യക്തമായ പരിസ്ഥിതി അവബോധവുമായി പച്ചപ്പുള്ള വഴികളിലൂടെ നീങ്ങുമ്പോൾ അതു പ്രാർഥനയുടെ ഒരു മഹാപ്രവാഹമായിത്തീരുകയാണ്. പരിസ്ഥിതിസംരക്ഷണ വഴികളിൽ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനു സഭകളും സമുദായങ്ങളും സംഘടനകളും മാർഗദർശികളാകുക തന്നെ വേണം. ഈ വലിയ ദൗത്യത്തിൽ സ്വന്തം പങ്കു മനസ്സിലാക്കി എല്ലാവരും അണിചേരുമ്പോഴാവും ഭൂമിയോടുള്ള തീരാക്കടത്തിൽ അൽപമെങ്കിലും നമുക്കു വീട്ടാനാവുക.